(ഇ) പ്രസ്തുത വകുപ്പിലെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പ്രൊപ്പോസൽ വകുപ്പു സർക്കാരിന് നൽകിയിട്ടുണ്ടോ ;

(എഫ്) എങ്കിൽ പ്രസ്തുത പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ജി) വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും സർക്കാർ തലത്തിൽ പര്യാപ്തമായ സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി വാഹന പരിശോധന കർശനമാക്കി. നികുതി അടയ്ക്കാത്ത വാഹനങ്ങൾ പിടിച്ചെടുക്കുകയും നികുതിക്ക് പുറമെ ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ഡിമാന്റ് നോട്ടീസുകൾ അയയ്ക്കുന്നതിനും റവന്യൂ റിക്കവറി ത്വരിതപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) 450 കോടി രൂപ. (നാന്നൂറ്റി അൻപത് കോടി രൂപ മാത്രം)

(സി) 2,89,05,39,868 രൂപ (ഇരുന്നൂറ്റി എൺപത്തി ഒൻപത് കോടി അഞ്ചു ലക്ഷത്തി മുപ്പത്തി ഒൻപതിനായിരത്തി എണ്ണൂറ്റി അറുപത്തി എട്ട് രൂപ മാത്രം.)

(ഡി) 1998-99 വർഷത്തെ ടാർജറ്റ് സംബന്ധിച്ചുള്ളതാകയാൽ ഇപ്പോൾ ഇതിന് പ്രസക്തിയില്ല.

(ഇ&എഫ്) ടാക്സ് അടക്കാതെയും വെട്ടിപ്പ് നടത്തിയും ഓടുന്ന വാഹനങ്ങൾക്കെതിരെ ഫലപ്രദമായി നടപടിയെടുക്കുന്നതിനും മറ്റും കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും 5 മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള 10 സ്ക്വാഡുകൾ കൂടി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ജി) സ്വീകരിച്ചു വരുന്നു.

സ്വകാര്യ വാഹനങ്ങളുടെ ഉടമസ്ഥാവകാശം മാറുന്നതിന് പഴയ രജിസ്റ്ററിംഗ് അതോറിറ്റിയിൽ നിന്ന് ക്ലിയറൻസ് സർട്ടിഫിക്കറ്റ്

41 (1598) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ വാഹനങ്ങളുടെ ഉടമസ്ഥാവകാശം മാറുന്നതിന് മുൻപ് പഴയ രജിസ്റ്ററിംഗ് അതോറിറ്റിയിൽ നിന്ന് ക്ലിയറൻസ് സർട്ടിഫിക്കറ്റ് വാങ്ങണമെന്ന് നിയമവ്യവസ്ഥയുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ വ്യവസ്ഥയനുസരിച്ച് ട്രാൻസ്പോർട്ട് കമ്മീഷൻ എല്ലാ രജിസ്റ്ററിംഗ് അതോറിറ്റികൾക്കും സർക്കുലർ അയച്ചിരുന്നോ ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ വാഹന ഉടമ കൈമാറ്റത്തിന് ആർ.ടി.ഒ. ഓഫീസുകളിൽ ഹാജരാക്കപ്പെട്ട എത്ര വ്യാജ ആർ.സി. ബുക്കുകൾ തിരിച്ചറിഞ്ഞിട്ടുണ്ട് ;

(ഡി) ഇപ്പോൾ സ്വകാര്യ വാഹനങ്ങളുടെ ഉടമസ്ഥാവകാശം മാറുന്നതിനു മുൻപ് പഴയ രജിസ്റ്ററിംഗ് അതോറിറ്റിയിൽ നിന്ന് ക്ലിയറൻസ് സർട്ടിഫിക്കറ്റ് വാങ്ങണമെന്ന സർക്കുലർ പിൻവലിപ്പിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്ത് ;

(എഫ്) മോട്ടോർ വാഹനങ്ങൾ മോഷ്ടിച്ച് ഉടമസ്ഥാവകാശം കൈമാറുന്ന നടപടി തടയുവാൻ ഈ സർക്കുലർ പിൻവലിച്ചതുമൂലം കഴിഞ്ഞിട്ടുണ്ടോ ?

ഉത്തരം

(എ) ഒറിജിനൽ രജിസ്റ്ററിംഗ് അതോറിറ്റി ഈ സംസ്ഥാനത്തിനകത്ത് ഉള്ളതാണെങ്കിൽ ക്ലിയറൻസ് സർട്ടിഫിക്കറ്റ് വാങ്ങണമെന്ന നിയമ വ്യവസ്ഥ നിലവിലില്ല.

(ബി) ട്രാൻസ്പോർട്ട് കമ്മീഷണറുടെ 27-3-2000-ലെ 6/2000 സർക്കുലർ പ്രകാരം സംസ്ഥാനത്തിനകത്തുള്ള സ്വകാര്യ വാഹനങ്ങളുടെ ഉടമസ്ഥാവകാശം മാറ്റുന്നതിന് മുൻപ് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് പഴയ രജിസ്റ്ററിംഗ് അതോറിറ്റിയിൽ നിന്നുംവാങ്ങണമെന്ന് നിർദ്ദേശിച്ചിരുന്നു.

(സി) ഇപ്പോൾ ഒരു കേസും റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) പിൻവലിച്ചിട്ടുണ്ട്.

(ഇ) സർക്കുലർ ഉത്തരവ് 6/2000 നൽകിയതിനെ തുടർന്ന് പൊതുജനങ്ങളിൽ നിന്നും കേരള മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റ് സ്റ്റാഫ് അസോസിയേഷനിൽ നിന്നും പരാതി ലഭിക്കുകയുണ്ടായി. വാഹന ഉടമകൾ ഈ ഉത്തരവുമൂലം ഏറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതായി പരാതിയിന്മേൽ വിശദീകരിച്ചിരുന്നു. ഈ വിവരം 4-7-2000-ൽ ബഹു. ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി പങ്കെടുത്ത മീറ്റിംഗിൽ ചർച്ച ചെയ്യപ്പെടുകയും സർക്കുലർ പിൻവലിക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് 27-3-2000 തീയതിയിലെ 6/2000, നമ്പർ സർക്കുലർ ഉത്തരവ് 27-7-2000-ൽ പിൻവലിച്ചത്.

(എഫ്) മോട്ടോർ വാഹനങ്ങൾ മോഷ്ടിച്ച് ഉടമസ്ഥാവകാശം കൈമാറുന്ന നടപടി തടയുവാൻ ഉദ്ദേശിച്ചു കൊണ്ടല്ല. ഈ സർക്കുലർ പിൻവലിച്ചത്. പൊതുജനങ്ങൾക്ക് ഈ ഉത്തരവുമൂലം ഉണ്ടായ ബുദ്ധിമുട്ടുകൾ പരിഗണിച്ചുകൊണ്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly